**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1472** **03-02-2026 - ൽ മറുപടിയ്ക്ക്**

**കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ കോഴ്സും ഹൈസ്കൂൾ ഹെഡ്മാസ്റ്റർ നിയമനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സിനെ ബി. എഡ്. യോഗ്യതയ്ക്ക് തുല്യമായി കണക്കാക്കിയിട്ടുണ്ടോ; | (എ) | 17.02.2020 ലെ സ.ഉ.(പി) നം.4/2020/പൊ.വി.വ വിജ്ഞാപന പ്രകാരം KER chapter XXXI Rule 2(iv)B യിൽ Explanation III ആയി ഉൾപ്പെടുത്തിയ ഭേദഗതി പ്രകാരം എച്ച്.എസ്.എ (ഹിന്ദി) തസ്തികയ്ക്ക് 2014-15 വരെ നേടിയ ആചാര്യ മതിയായ ട്രെയിനിംഗ് യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.<br><br>10.07.2023 ലെ എസ്.സി.ഇ.ആർ.ടി ഇക്വലൻസി സ്റ്റാൻറിംഗ് കമ്മിറ്റി മീറ്റിംഗിൻറെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും കേരള ഹിന്ദി പ്രചാര സഭയുടെ 2018 വരെ നേടിയ ആചാര്യ യോഗ്യത എച്ച്.എസ്.എ (ഹിന്ദി) തസ്തികക്ക് മതിയായ ട്രെയിനിംഗ് യോഗ്യതയായും, എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയിലേയ്ക്ക് ബി.എഡി ന്റെ പകരം യോഗ്യതയായും അംഗീകരിച്ചുകൊണ്ട് 18.04.2025-ലെ സ.ഉ.(കൈ)നം.68/2025/പൊവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>എന്നാൽ പ്രസ്തുത യോഗ്യത പ്രഥമാധ്യാപക തസ്തികയിലേക്കോ പ്രിൻസിപ്പൽ തസ്തികയിലേക്കോ ബി.എഡിനു തുല്യമായി പരിഗണിക്കുന്നതല്ല എന്നും ഉത്തരവായിട്ടുണ്ട്. |
| (ബി) | ആചാര്യ കോഴ്സ് യോഗ്യത നേടിയ ഹൈസ്കൂൾ അധ്യാപകർക്ക് ഹെഡ് മാസ്റ്റർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ യോഗ്യത നേടിയവർക്കാണ് തടസ്സമുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഹൈസ്കൂൾ അധ്യാപകർക്ക് ഹെഡ് മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം ലഭിക്കുന്നതിന് ആചാര്യ കോഴ്സ് യോഗ്യത നേടിയവരെ നിലവിൽ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ